(ബി) എങ്കിൽ അതിന് ഏതുവിധത്തിൽ പരിഹാരം കാണാമെന്ന് കരുതുന്നു;

(സി) ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജനപ്രതിനിധികളടങ്ങിയ ഒരു ഹൈപവ്വർ കമ്മിറ്റിയെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ അവസരങ്ങളിൽ പ്രസ്തുത സ്ഥലത്തെ ജനപ്രതിനിധികളുടെ സഹായത്തോടുകൂടി തദ്ദേശ സ്ഥലവാസികളുടെ പിൻതുണ ആർജ്ജിച്ച്, ഉടമകളുമായി സംസാരിച്ച്, സ്ഥലവാസികളുടെ ബുദ്ധിമുട്ടുകൾ പരമാവധി ഒഴിവാക്കിക്കൊണ്ട് സ്ഥലം അക്വയർ ചെയ്യുന്ന രീതിയാണ് അവലംബിക്കുന്നത്.

(സി) ഇത്തരം പ്രശ്നങ്ങൾ പരിഹരിയ്ക്കുന്നതിന് ഒരു ഹൈപവ്വർ കമ്മിറ്റിയുടെ ആവശ്യം ഉള്ളതായി ഇതുവരെ അനുഭവപ്പെട്ടിട്ടില്ല.

അടച്ചുപൂട്ടിയ വ്യവസായ സ്ഥാപനങ്ങൾ

5 [459] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ടെന്നും അതിൽ പൊതുമേഖലയിൽ പ്രവർത്തിക്കുന്നവയെത്രയെന്നും സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നവ എത്രയെന്നും ചെറുകിട വ്യവസായ യൂണിറ്റുകൾ എത്രയെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വ്യവസായ സ്ഥാപനങ്ങൾ പൂട്ടാനിടയാക്കിയ കാരണങ്ങൾ എന്തായിരുന്നുവെന്നും എത്ര തൊഴിലാളികൾ തൊഴിൽ രഹിതരായിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) വി.ആർ.എസ്., സി.ആർ.എസ്., ഇ.എസ്.എസ്. തുടങ്ങിയ വിവിധ പദ്ധതികളിലൂടെ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് എത്ര തൊഴിലാളികളെ വെട്ടിക്കുറച്ചിട്ടുണ്ടെന്നും അവ ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളിലാണെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ നേരത്തെ നൽകിയിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി.-യുടെ പരിധിയിലുള്ള 33 വ്യവസായങ്ങൾ അടയ്ക്കുകയും നാലെണ്ണം വീണ്ടും തുറന്നു പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. 117 ചെറുകിട വ്യവസായ യൂണിറ്റുകൾ അടച്ചു പൂട്ടിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച മറുപടി നേരത്തെ നൽകിയിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി.-യുടെ പരിധിയിലെ അടച്ചുപൂട്ടിയ സഹകാര്യ വ്യവസായ സ്ഥാപനങ്ങളിലെ 2944 പേർക്കും ചെറുകിട വ്യവസായ യൂണിറ്റുകളിലെ 2362 പേർക്കും തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്. ധനപരവും വിപണിയിലെ പ്രതികൂല പ്രശ്നങ്ങളുമാണ് ചെറുകിട യൂണിറ്റുകൾ പൂട്ടാനിടയായ പ്രധാന കാരണങ്ങൾ. വിപണിയിലെ പ്രശ്നങ്ങൾ, സാമ്പത്തിക ബുദ്ധിമുട്ടുകൾ, പണം തിരിച്ചടവിലെ മുടക്കം, പണം വകമാറ്റി ചിലവഴിച്ചത്, തൊഴിൽ പ്രശ്നങ്ങൾ, മാനേജ്മെന്റ് പരാജയം, വിഭവശേഷിയുടെ അഭാവം, ആവശ്യത്തിന് ഓർഡർ ലഭ്യമില്ലായ്മ എന്നിവയാണ് സഹകാര്യ വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടാൻ ഇടയാക്കിയത്.

(സി) 29 പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വി.ആർ.എസ്., ഇ.എസ്.എസ്. തുടങ്ങിയ പദ്ധതികളിലൂടെ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും 2122 പേർ പിരിഞ്ഞുപോയിട്ടുണ്ട്. സ്ഥാപനം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

DETAILS ON V.R.S. IMPLEMENTED/BEING INTRODUCED IN PSUs UNDER THE INDUSTRIES DEPARTMENT

Sl. No.	*Companies*		*No. of Employees*
1	Autokast Ltd.	..	100
2	Keltron Counters Ltd.	..	138
3	The Kerala Ceramics Ltd.	..	89
4	Trivandrum Spinning Mills Ltd.	..	238
5	Keltron Rectifiers Ltd.	..	99
6	United Electrical Industries Ltd.	..	123
7	Kerala Soaps & Oils Ltd.	..	226
8	Kerala Construction Components Ltd.	..	105
9	Astral Watches Ltd.	..	44
10	The Metropolitan Engg. Company Ltd.	..	119
11	Travancore-Cochin Chemicals Ltd.	..	38
12	Sitaram Textiles Ltd.	..	96
13	Scooters Kerala Ltd.	..	48
14	Kerala Garments Ltd.	..	147

LIBRARY ARCHIVES Kerala Legislative Assembly

Sl. No.	*Companies*		*No. of Employees*
15	Kerala State Textile Corporation Ltd.-MSWM	..	207
16	Travancore Sugars and Chemicals Ltd.	..	50
17	Travancore Plywood Industries Ltd.	..	255
18	Kerala Electrical and Allied Engg. Co.	..	..
	Total	..	2122

അടച്ചുപൂട്ടിയ വ്യവസായ സ്ഥാപനങ്ങൾ

6 [460] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പ്രവർത്തിച്ചു കൊണ്ടിരുന്ന എത്ര വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട്;

(ബി) ഇതിൽ വൻകിട, ചെറുകിട, ഇടത്തര വ്യവസായ യൂണിറ്റുകൾ എത്ര വീതം ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പുതുതായി എത്ര വ്യവസായങ്ങൾ ആരംഭിച്ചു;

(ഡി) ഇതിൽ ഉൽപ്പാദനം തുടങ്ങിയ വ്യവസായ സ്ഥാപനങ്ങൾ എത്ര?

ഉത്തരം

(എ ആന്റ് ബി) വ്യവസായ വകുപ്പിന്റെ അധീനതയിൽ വരുന്ന 3 പൊതുമേഖലാ സ്ഥാപനങ്ങളും 117 ചെറുകിട വ്യവസായ സ്ഥാപനങ്ങളും പ്രവർത്തനം നിവർത്തിവച്ചിട്ടുണ്ട്. ഇതിൽ കെ. എസ്. ഐ. ഡി. സി.-യുടെ പരിധിയിൽ വരുന്ന മൂന്ന് വൻകിട വ്യവസായ സ്ഥാപനങ്ങൾ നാലു ചെറുകിട വ്യവസായ സ്ഥാപനങ്ങൾ 26 ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ എന്നിവയും ഉൾപ്പെടുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 26272 ചെറുകിട വ്യവസായ സ്ഥാപനങ്ങൾ പുതിയതായി ആരംഭിച്ചിട്ടുണ്ട്.

(ഡി) ഇതിൽ ഉൽപ്പാദനം തുടങ്ങിയ വ്യവസായ സ്ഥാപനങ്ങളുടെ എണ്ണം 26272 ആണ്.

LIBRARY ARCHIVES Kerala Legislative Assembly